പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3775 — 31.01.2014-ൽ മറുപടിയ്ക്ക്

## കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമായ വൈദ്യുതി

**ചോദ്യം**

ശ്രീ. എ. എ. അസീസ് :

(എ) സംസ്ഥാനത്ത് 2006 മുതൽ ഓരോ വർഷവും ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് എത്രയാണ് ;

(ബി) 2006 മുതൽ കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് എത്ര യൂണിറ്റ് വൈദ്യുതിയാണ് ഓരോ വർഷവും ലഭ്യമായത് ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് 2006 മുതൽ ഓരോ വർഷവും ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് താഴെ ചേർക്കുന്നു.

| വർഷം | ഉൽപ്പാദിപ്പിച്ച വൈദ്യുതി (ദശലക്ഷം യൂണിറ്റിൽ) |
|---|---|
| 2006-07 | 7746.15 |
| 2007-08 | 8702.96 |
| 2008-09 | 6494.68 |
| 2009-10 | 7239.84 |
| 2010-11 | 7416.51 |
| 2011-12 | 8351.03 |
| 2012-13 | 5333.76 |
| 2013-14 | 6482.39 (ഡിസംബർ 31 വരെ) |

(ബി) 2006 മുതൽ കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമായ വൈദ്യുതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | കേന്ദ്ര പൂളിൽ നിന്നും ലഭ്യമായ വൈദ്യുതി (ദശലക്ഷം യൂണിറ്റിൽ) |
|---|---|
| 2006-07 | 7747.23 |
| 2007-08 | 7061.44 |
| 2008-09 | 6607.38 |
| 2009-10 | 6928.96 |
| 2010-11 | 6839.76 |
| 2011-12 | 7876.38 |
| 2012-13 | 8714.25 |
| 2013-14 | 6355.4 (ഡിസംബർ 2014 വരെ) |

| | |
|---|---|
| (സി) സംസ്ഥാനത്തിന് ഇപ്പോൾ പ്രതിദിനം എത്ര യൂണിററ് വൈദ്യുതിയാണ് ആവശ്യമായിട്ടുള്ളത് ; | (സി) 2014 ജനുവരി മാസം 23-ാം തീയതിയിലെ കണക്ക പ്രകാരം സംസ്ഥാനത്തെ ശരാശരി വൈദ്യുതി ഉപഭോഗം 58.70 ദശലക്ഷം യൂണിറ്റാണ്. |
| (ഡി) സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഡി) കൂടംകുളം കേന്ദ്ര നിലയത്തിന്റെ യൂണിറ്റ് 1 & 2 ൽ (2x1000 MW) നിന്നും 266 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭ്യമാക്കുന്നതിന് 15.11.2013 ന് ന്യൂക്ലിയർ പവർ കോർപ്പറേഷനുമായി (NPCIL) കരാർ ഒപ്പിട്ടിട്ടുണ്ട്.<br><br>ഇന്ദിരാഗാന്ധി സൂപ്പർ തെർമൽ പവർ സ്റ്റേഷൻ ജജ്ജറിൽ നിന്നും ഡൽഹി സറണ്ടർ ചെയ്ത വൈദ്യുതി കേരളത്തിന് ലഭ്യമാക്കാൻ എല്ലാ നടപടിയും സ്വീകരിച്ചിരുന്നു. ആയതിന്റെ ഫലമായി നിലവിൽ 90 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭിക്കുന്നുണ്ട്.<br><br>കൂടാതെ ദാമോദർ വാലി കോർപ്പറേഷന്റെ (ഡി.വി.സി) വെസ്റ്റ് ബംഗാൾ. ജാർഖണ്ഡ് എന്നീ സ്ഥലങ്ങളിലെ സ്റ്റേഷനുകളിൽ നിന്നും 250 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>കേരളത്തിന് കേന്ദ്രനിലയത്തിൽ നിന്നും അനുവദിച്ചിരുന്ന 135 മെഗാവാട്ട് വൈദ്യുതി നിലവിൽ ആന്ധ്രാപ്രദേശിനും ബീഹാറിനും നൽകിയിട്ടുള്ളത് കണക്കിലെടുത്ത് 200 മെഗാവാട്ട് വൈദ്യുതി കുറഞ്ഞ വിലയ്ക്ക് കേരളത്തിന് ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടും കേന്ദ്ര ഊർജ്ജമന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>ഒറീസയിലെ ബൈതരണിയിൽ നിന്നും കേരളത്തിന് അനുവദിച്ചിരുന്ന 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പര്യാപ്തമായ |

കൽക്കരിപ്പാടം റദ്ദ് ചെയ്ത നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

നിലവിലുള്ള കായംകുളം വൈദ്യുതി നിലയത്തെ വാതകാധിഷ്ഠിത നിലയമാക്കി മാറ്റുന്നതിനും, പ്രസ്തുത നിലയത്തിൽ അധിക വാതാകാധിഷ്ഠിത യൂണിറ്റ് സ്ഥാപിക്കുന്നതിനും ആവശ്യമായ പ്രകൃതി വാതകം ലഭ്യമാക്കണമെന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കായംകുളം RGCCPP വൈദ്യുത നിലയത്തിൽ നിന്നും മുഴുവൻ വൈദ്യുതിയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്. വാങ്ങുന്നതിന് പകരമായി കിഴക്കൻ മേഖലയിൽ നിന്നും 135 മെഗാവാട്ട് വൈദ്യുതി അനുവദിച്ചു നല്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വിവിധ UMPP പദ്ധതികളിൽ നിന്നും സംസ്ഥാനം വൈദ്യുതി വിഹിതം ആശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട്, ഒറീസ, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലെ പദ്ധതികളിൽ നിന്നും 565 മെഗാവാട്ട് വൈദ്യുതി കേരളത്തിന് അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**